LIBRARY ARCHIVES Kerala Legislative Assembly

എന്നെ വിളിച്ചുണർത്തി കടലാക്രമണത്തെക്കുറിച്ചുള്ള വിവരം പറയുന്നത്. ഞാൻ അപ്പോൾതന്നെ ഉദ്യോഗസ്ഥരെ വിളിച്ചുപറഞ്ഞ് ചില നടപടികൾ എടുത്തിട്ടുണ്ട്. ഇന്ന് അസംബ്ലിയിലെ സീറോ അവർ കഴിഞ്ഞയുടൻതന്നെ ഉദ്യോഗസ്ഥരുടെ ഒരു യോഗം വിളിച്ചിട്ടുണ്ട്. നാളെ ഈ സഭയിലെ തീരപ്രദേശത്തുള്ള നിയോജക മണ്ഡലങ്ങളിലെ എല്ലാ എം.എൽ.എ.-മാരെയും വിളിച്ചുകൂട്ടി ഈ കാര്യങ്ങൾ ചർച്ച ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. ബന്ധപ്പെട്ട മന്ത്രിമാരും ഉദ്യോഗസ്ഥരും എല്ലാവരും കൂടിയിരുന്ന് ചർച്ച ചെയ്ത് അടിയന്തരമായി ചെയ്യേണ്ട കാര്യങ്ങളെ സംബന്ധിച്ച് ഒരു തീരുമാനം എടുക്കാനും അത് നടപ്പിലാക്കാനും കഴിയണം. നമുക്ക് വളരെയേറെ ബുദ്ധിമുട്ടുകൾ വരുന്ന ഒരു പ്രശ്നം സാമ്പത്തികം തന്നെയാണ്. പക്ഷേ സാമ്പത്തികം ഇല്ല എന്നുപറഞ്ഞുകൊണ്ട് ഒരു പ്രവർത്തനവും തടസ്സപ്പെടുത്താൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. പക്ഷേ അതിനുശേഷം വരുന്ന ബുദ്ധിമുട്ടുകൾ എന്താണെന്നുവച്ചാൽ നമുക്ക് അടിയന്തരമായി ഇപ്പോൾ വലിയ പാറക്കഷ്ണങ്ങളാണ് വേണ്ടത്. അത് കിട്ടുന്നതിനുള്ള കാലതാമസം, പാറ പൊട്ടിക്കുന്നതിനുള്ള പരിസ്ഥിതി പ്രശ്നങ്ങൾ ഇങ്ങനെയുള്ള നിരവധി പ്രശ്നങ്ങൾ ഒരു വശത്ത് കിടക്കുന്നു. അതോടൊപ്പംതന്നെ ശാശ്വതമായ ഒരു പരിഹാരം എന്നുപറഞ്ഞ് ഇപ്പോൾ നമ്മൾ അംഗീകരിച്ചിട്ടുള്ള മോഡൽ പുലിമുട്ടുകളാണ്. ആ പുലിമുട്ടുകളുടെ കാര്യത്തിൽ ഐ.ഐ.ടി.-യിൽനിന്നുള്ള അവരുടെ ഡിസൈനും കാര്യങ്ങളുമൊക്കെ എടുക്കുന്നതിന് വളരെയധികം സമയമെടുക്കും. ഇങ്ങനെയുള്ള പരിമിതികൾ വളരെയധികമുണ്ട്. എന്നാലും ജനപ്രതിനിധികളാണ് ഈ കാര്യത്തിൽ ഇന്ന് ഏറ്റവുമധികം ബുദ്ധിമുട്ടുന്നത് എന്നെനിക്കറിയാം. അതുകൊണ്ട് അവരെക്കൂടി വിളിച്ച് അവരുമായി ചർച്ച ചെയ്തുകൊണ്ട് ഒരു തീരുമാനം എത്രയും വേഗത്തിൽ തന്നെ എടുക്കും. ഇന്നുതന്നെ ഞാൻ ഉദ്യോഗസ്ഥൻമാരുമായും ബന്ധപ്പെട്ട മന്ത്രിമാരുമായും ചർച്ച നടത്തും. നാളെ ജനപ്രതിനിധികളേയും വിളിച്ചുകൂട്ടുന്നതാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞ പ്രശ്നം അതീവ ഗൗരവമായിട്ട് തന്നെയാണ് എടുത്തിരിക്കുന്നത്.

3. അന്ധയുവാക്കളുടെ ദുരൂഹ മരണം

ശ്രീ. മാത്യു റ്റി. തോമസ്: സർ, 27-6-2015-ന് വൈകുന്നേരം വർക്കലയിൽ വച്ചു നടന്ന അന്ധരുടെ ഒരു യോഗത്തിൽ പങ്കെടുത്ത് മടങ്ങിയ രണ്ട് യുവാക്കളുടെ മൃതദേഹം കടയ്ക്കാവൂർ റെയിൽവേ സ്റ്റേഷന്റെ പ്ലാറ്റ്ഫോമിൽ കണ്ടെത്തുകയുണ്ടായി. വർക്കല അന്ധവിദ്യാലയത്തിൽ ദിശ ചാരിറ്റബിൾ സൊസൈറ്റി ഫോർ ബ്ലൈൻഡിന്റെ ആദ്യ പൊതുസമ്മേളനത്തിൽ പങ്കെടുക്കാൻ എത്തിയതാണ് ഇരുവരും. എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട തിരുവല്ല കളക്കാട് കുട്ടപ്പുറത്ത് കുഞ്ഞുമോൻ

LIBRARY ARCHIVES Kerala Legislative Assembly

എന്നയാളുടെ മകൻ 26 വയസ്സുള്ള ജിജോ കെ. വർഗ്ഗീസും സീതത്തോട് സീതക്കുഴി വേങ്ങവിള വീട്ടിൽ പൊടിയന്റെ മകൻ 31 വയസ്സുള്ള ഷാജി ഡാനിയേലുമാണ് ഇത്തരത്തിൽ മരണപ്പെട്ട നിലയിൽ കാണപ്പെട്ടത്. ശനിയാഴ്ച രാത്രി റെയിൽവേ സ്റ്റേഷന്റെ രണ്ടാം പ്ലാറ്റ്ഫോമിൽ ഷാജി ഡാനിയേലിന്റെ ശവശരീരം കണ്ടു എന്നാണ് പത്രങ്ങളിൽ റിപ്പോർട്ട് ചെയ്തിരിക്കുന്നത്. അദ്ദേഹത്തിന് അപ്പോൾ ജീവൻ ഉണ്ടായിരുന്നു. ആശുപത്രിയിൽ കൊണ്ടുപോകുന്ന വഴിക്കോ ആശുപത്രിയിൽ എത്തിയിട്ടോ ആദ്ദേഹം മരണപ്പെട്ടു. അതേ പ്ലാറ്റ്ഫോമിൽ പിറ്റേ ദിവസം രാവിലെയാണ് ജിജോ കെ. വർഗ്ഗീസിന്റെ ശവശരീരം വേർപെട്ട നിലയിൽ കാണുന്നത്. ട്രാക്കിലായിരുന്നുവെങ്കിൽ വാഹനം ഇടിച്ചു മരിച്ചു എന്ന് ധരിക്കാം. പക്ഷേ പ്ലാറ്റ്ഫോമിൽ ഒരു ശവശരീരം വൈകുന്നേരവും മറ്റേ ശവശരീരം പിറ്റേ ദിവസം രാവിലെയും കണ്ടെത്തിയത് ദുരൂഹതയുണ്ടാക്കുന്നു. അന്ധരുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട സംഘടനയുടെ ആദ്യത്തെ യോഗമാണ് വർക്കലയിൽ നടന്നത്. അതിന്റെ സ്ഥാപകനും സെക്രട്ടറിയുമാണ് എന്റെ മണ്ഡലത്തിലെ ജിജോ കെ. വർഗ്ഗീസ്. എനിക്ക് വ്യക്തിപരമായി അറിയുന്ന ഒരു ചെറുപ്പക്കാരനാണ്. ഇദ്ദേഹം സാധാരണ യാത്ര ചെയ്യുന്നത് 30 ശതമാനം കാഴ്ച ശക്തിയുള്ള ഷാജി ഡാനിയേലിന്റെ സഹായത്തോടുകൂടിയാണ്. അവർ സുഹൃത്തുക്കളായിരുന്നു. അതു കൊണ്ടുതന്നെ ഇവരുടെ ശവശരീരം രണ്ടുനേരമായി ഒരേ പ്ലാറ്റ്ഫോമിൽ കണ്ടു എന്നതിൽ ഒരു ദുരൂഹതയുണ്ട്. പോലീസ് ആണ് അത് അന്വേഷിക്കേണ്ടത്. ഇതിൽ ആരെങ്കിലും കുറ്റവാളികളുണ്ടെങ്കിൽ അവരെ മാതൃകാപരമായി ശിക്ഷിക്കാനുള്ള സമഗ്ര അന്വേഷണം നടത്തി ബന്ധുക്കളെ വിവരം അറിയിക്കാൻ ഗവൺമെന്റ് മുൻകൈ എടുക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ഞാൻ ഈ സബ്മിഷന്റെ കോപ്പി വച്ചിട്ടുണ്ട്. അദ്ദേഹത്തോട് പറയുന്നതിനുകാരണം തീരെ പാവപ്പെട്ട വീട്ടിൽപ്പെട്ട ആളാണ് എന്റെ മണ്ഡലത്തിലെ ജിജോ കെ. വർഗ്ഗീസ്. സമാനമായ സാഹചര്യമാണ് സീതത്തോടിലെ ഷാജി ഡാനിയേലിന്റെ ഭവനത്തിലുമുള്ളത്. ഇവർ അന്ധരായിരുന്നു എന്നും അവരുടെ കുടുംബങ്ങൾ വലിയ സാമ്പത്തിക പരാധീനതയിലാണെന്നുമുള്ള കാര്യവും പരിഗണിച്ച് ഒരു സാമ്പത്തിക സഹായം കൂടി പ്രഖ്യാപിക്കാൻ സർക്കാർ തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ മാത്യു റ്റി. തോമസ് ഇവിടെ ഉന്നയിച്ച പ്രശ്നം വളരെയധികം വേദനാജനകമായിട്ടുള്ള ഒരു സംഭവമാണ്. കാഴ്ചയില്ലാത്ത രണ്ടുപേർ തൃശ്ശൂരിൽ ബസ്സ് മുട്ടി മരിച്ചു, ആ ദുഃഖം തീരുന്നതിനുമുൻപാണ് വീണ്ടും കാഴ്ചയില്ലാത്ത രണ്ടുപേർ മരിച്ച സംഭവമുണ്ടായത്.

റെയിൽവേ സ്റ്റേഷനിൽ വച്ചുണ്ടായ ആ സംഭവത്തിൽ അങ്ങേയറ്റം ദുഃഖം രേഖപ്പെടുത്തുകയാണ്. തൃശ്ശൂർ ടാൻസ്പോർട്ട് സ്റ്റാൻഡിൽ വച്ചുണ്ടായ സംഭവത്തെത്തുടർന്ന്, അന്ധരായിട്ടുള്ളവരുടെ യാത്രയ്ക്ക് സഹായകരമായിട്ടുള്ള എന്തെല്ലാം സൗകര്യങ്ങൾ ചെയ്തുകൊടുക്കാൻ പറ്റും എന്നുള്ളത് പ്രത്യേകമായി ആലോചിച്ചുവരികയാണ്. അവർക്ക് യാത്രയ്ക്ക് കുറച്ചുകൂടി സുരക്ഷിതമായി പോകാൻ സാധിക്കത്തക്കവണ്ണമുള്ള ചില എക്യൂപ്മെന്റ്സ് ഉണ്ടെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. അത് ഗവൺമെന്റിന്റെ ചെലവിൽ വാങ്ങിക്കൊടുക്കുന്ന കാര്യത്തെക്കുറിച്ച് ആലോചിക്കുന്നുണ്ട്. അത് ഏറ്റവും വേഗത്തിൽ ചെയ്യാൻവേണ്ടി ഒരു ചർച്ച നടന്നുകഴിഞ്ഞു. ഈ സംഭവത്തിൽ ദുരൂഹതയുണ്ട് എന്നുപറഞ്ഞപ്പോൾ ഞാൻ പോലീസിന്റെ റിപ്പോർട്ട് വരുത്തി. അവർ എല്ലാ അന്വേഷണവും നടത്തിയതിനുശേഷം തന്നിരിക്കുന്ന റിപ്പോർട്ടിൽ അങ്ങനെ സംശയത്തിനിടയില്ല, ഡോക്ടർമാർ നൽകിയ റിപ്പോർട്ടിൽ ട്രെയിൻ മുട്ടിയാൽ ഉണ്ടാകാവുന്ന പരിക്കുകളാണ് രണ്ടുപേർക്കും ഉള്ളത് എന്നാണ് പറഞ്ഞിരിക്കുന്നത്. ട്രെയിൻ മുട്ടി ഒരാൾ ട്രാക്കിലേക്ക് വീണു, മറ്റേയാൾ പ്ലാറ്റ്ഫോമിലേക്ക് വീണു എന്നുള്ളതാണ് ഇപ്പോഴത്തെ നിഗമനം. ഏതായാലും ദുരൂഹതയില്ല എന്ന റിപ്പോർട്ടാണ് പ്രാഥമികമായി തന്നിട്ടുള്ളത്.

ശ്രീ. മാത്യു റ്റി. തോമസ്: സർ, ശനിയാഴ്ച വൈകുന്നേരം ഒരു ശവശരീരം കാണുകയും മറ്റേ ശവശരീരം ഞായറാഴ്ച രാവിലെ പ്ലാറ്റ്ഫോമിൽ കാണുകയും ചെയ്തു എന്നാണ് പത്രവാർത്ത. അതുകൊണ്ടാണ് അതിൽ സംശയങ്ങൾ വർദ്ധിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, പിറ്റേദിവസം ട്രാക്കിലാണ് കണ്ടത്, ആദ്യത്തേത് പ്ലാറ്റ്ഫോമിലേക്ക് വീണതേ ആളുകൾ കാണുന്നുള്ളൂ, മറ്റേത് കാണുന്നില്ല. അങ്ങനെയാണ് വന്നിരിക്കുന്നത്. സാമ്പത്തിക സഹായത്തെക്കുറിച്ച് പറഞ്ഞു, രണ്ട് കുടുംബങ്ങളോടും അങ്ങേയറ്റത്തെ സഹതാപമുണ്ട്. രണ്ട് കുടുംബങ്ങൾക്കും 5 ലക്ഷം രൂപവീതം കൊടുക്കുന്നതായിരിക്കും.

4. ആർ.ഒ.ആർ. നടപ്പിലാക്കിയതിലെ പ്രശ്നങ്ങൾ

ശ്രീ. എം ചന്ദ്രൻ: സർ, ആലത്തൂർ നിയോജകമണ്ഡലം ഉൾപ്പെടുന്ന പ്രദേശത്ത് ആലത്തൂരും, വടക്കാഞ്ചേരിയിലും രണ്ട് രജിസ്ട്രാർ ഓഫീസുകളാണ് ഇപ്പോൾ നിലവിലുള്ളത്. ഈ രണ്ട് രജിസ്ട്രാർ ഓഫീസുകളിലും ഒരു വസ്തു രജിസ്ട്രർ ചെയ്യണമെങ്കിൽ റിക്കാർഡ് ഓഫ് റൈറ്റ് എന്നുപറയുന്ന രേഖ (ആർ. ഒ. ആർ.) ഹാജരാക്കണം. എങ്കിൽ മാത്രമേ രജിസ്ട്രേഷൻ നടത്തുവാൻ കഴിയുകയുള്ളൂ. ആർ.ഒ.ആർ. വില്ലേജ് ഓഫീസറുടെ പരിശോധനയ്ക്കുശേഷം തഹസിൽദാർ ആണ്

LIBRARY ARCHIVES Kerala Legislative Assembly